# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7878** **23-07-2012-ൽ മറുപടിയ്ക്ക്**

### ശ്രീ. എൻ. രംഗനാഥന്റെ പരാതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്. ബിജിമോൾ :** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| **(എ)** 21.5.2011-ൽ തിരുവനന്തപുരം ട്രാഫിക് നോർത്ത് സി.ഐ. യ്ക്ക് ശ്രീ എൻ. രംഗനാഥൻ എന്നയാൾ തന്റെ KL 01-AY/9634-ാം നമ്പർ ആക്ടീവ സ്കൂട്ടറിൽ തെറ്റായ ദിശയിൽ വന്ന KL-5E/3490-ാം നമ്പർ എൻഫീൽഡ് മോട്ടോർ സൈക്കിൾ ഇടിച്ച് കേടുപാടുകൾ വരുത്തിയത് സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ടോ ; | **(എ)** പരാതി ലഭിച്ചിട്ടുണ്ട്. |
| **(ബി)** പ്രസ്തുത പരാതി സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | **(ബി)** ഇതു സംബന്ധിച്ച് ലഭിച്ച പരാതി, നം.307/Ptn/CITN പ്രകാരം സ്വീകരിച്ച് അന്വേഷണത്തിനായി സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ ഒരു എ.എസ്.ഐയെ ചുമതലപ്പെടുത്തുകയും, അന്വേഷണത്തിൽ ടി വാഹനത്തിന്റെ ഉടമ ജോൺ ജോസഫ്, S/o ജോസഫ്, |

| | | | |
|---|---|---|---|
| | | | വള്ളപ്പുരയ്ക്കൽ ചെമ്മണത്തുറ, വക്കം ആണെന്ന് മനസ്സിലാക്കിയിട്ടുള്ളതും ടി വാഹനം ഷിബു ഐ വർഗ്ഗീസ് S/o വർഗ്ഗീസ്, ഇല്ലിക്കൽ ഹൗസ്, തൃപ്പുണിത്തുറ എന്നയാൾക്ക് വിറ്റു എന്നും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ആർ.ടി.ഒ ഓഫീസ് രേഖകളിൽ ടി വാഹനത്തിന്റെ നിലവിലെ രജിസ്റ്റേർഡ് ഉടമ ഷിബു ഐ വർഗ്ഗീസാണ്. ടിയാനെ കണ്ട് അന്വേഷണം നടത്തിയതിൽ ടി വാഹനം പ്രവീൺകുമാർ, കടയ്ക്ക ഹൗസ്, മരട് പി.ഒ, തൃപ്പുണിത്തുറ എന്നയാൾക്ക് വീണ്ടും കച്ചവടം നടത്തി എന്നും തുടർന്നുള്ള അന്വേഷണാർത്ഥം ടി പ്രവീൺ കുമാറിനോട് വാഹനവും അതിന്റെ അനുബന്ധ രേഖകളുമായി സ്റ്റേഷനിൽ ഹാജരാകാൻ നിർദ്ദേശിച്ചുകൊണ്ട് ടിയാന്റെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് കത്തയച്ചെങ്കിലും വ്യാജ വിലാസം ആയതിനാൽ കത്ത് മടങ്ങി വന്നിട്ടുള്ളതുമാണ്. ഈ പരാതി സംബന്ധിച്ച് തുടരന്വേഷണം നടന്നു വരികയാണ്. |
| **(സി)** | പ്രസ്തുത പരാതി സംബന്ധിച്ച് നാളിതുവരെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരവും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ ; | **(സി)** | ശ്രീ. ശ്രീകുമാർ എ.എസ്.ഐ, സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷൻ. അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ നിർവ്വാഹമില്ല. |

**(ഡി)** പ്രസ്തുത പരാതിയിന്മേൽ എഫ്.ഐ. **(ഡി)** രജിസ്റ്റർ ചെയ്തിട്ടില്ല.
ആർ രജിസ്റ്റർ ചെയ്തി ട്ടുണ്ടോ ?

സെക്ഷൻ ഓഫീസർ